പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 108

26/09/2011 - ൽ
മറുപടിക്ക്

## പോലീസും റവന്യൂ അധികാരികളും പിടിച്ചെടുത്ത മണൽ ലോറികൾ മൂലമുള്ള ബുദ്ധിമുട്ടുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മഞ്ഞളാംകുഴി അലി | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) സംസ്ഥാനത്ത് പോലീസും റവന്യൂ അധികാരികളും പിടിച്ചിട്ട മണൽലോറികൾ സ്റ്റേഷൻ പരിസരത്തും റോഡുകളിലും അനാഥമായി കിടക്കുന്നതുമൂലമുള്ള ബുദ്ധിമുട്ടുകൾ സർക്കാർ വിലയിരുത്തുമോ; | (എ) വിലയിരുത്തിയിട്ടുണ്ട് |
| (ബി) മലപ്പുറം ജില്ലയിൽ ഇത്തരത്തിൽ നൂറുകണക്കിനു വാഹനങ്ങൾ വളരെ നാളുകളായി കിടക്കുന്നത് ശ്രദ്ധയിൽപ്പട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) വ്യാപകമായ മണൽക്ഷാമവും കൂടിയ മണൽ വിലയും നിലവിലുള്ള സാഹചര്യത്തിൽ മണലും വാഹനങ്ങളും നശിച്ചുപോകുന്ന സാഹചര്യം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;<br><br>(ഡി) യഥാസമയം നടപടിക്രമങ്ങൾ പൂർത്തിയാക്കാത്തതുമൂലം സർക്കാരിന് നഷ്ടവും വൻതോതിൽ ഗതാഗതതടസ്സവും മറ്റ് ബുദ്ധിമുട്ടുകളും ഉണ്ടാകുന്നസാഹചര്യങ്ങൾ പരിശോധിക്കുമോ; | (സി) & (ഡി)<br>പോലീസ് പിടിച്ചെടുക്കുന്ന വാഹനങ്ങൾ കോടതിയിൽ ഹാജരാക്കി കോടതി നിർദ്ദേശ പ്രകാരമാണ് സൂക്ഷിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കോടതികളുടെ ശ്രദ്ധയിൽക്കൊണ്ട് വരുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റവന്യൂ അധികാരികൾ പിടിച്ചെടുക്കുന്ന വാഹനങ്ങൾക്ക് പിഴയടയ്ക്കാൻ ആവശ്യപ്പെട്ടിട്ടും ആയത് അടച്ച് വാഹനങ്ങൾ കൊണ്ട് പോകുവാൻ ഉടമസ്ഥർ തയ്യാറാകുന്നില്ല. ഇത്തരം വാഹനങ്ങൾ ലേലം ചെയ്യുവാൻ ജില്ലാ കളക്ടർമാർ നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (ഇ) | പോലീസ് പിടിച്ചെടുക്കുന്ന വാഹനങ്ങളുടെ നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ? | നടപടി സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ